GLPS Kuttamangalam.

# പ്രീ-പ്രൈമറി

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

Govt. L.P. School
Kainakary
Alappuzha
Kuttamangalam P.O.

## ആമുഖം

കേരളത്തിലെ പ്രീ- പ്രൈമറി വിദ്യാഭ്യാസ മേഖല സമഗ്രമായി നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നു വരികയാണ്. ശിശു വികസനം എന്നത് നിരവധി മേഖലകളിൽ നടക്കുന്ന സങ്കീർണമായ മാറ്റങ്ങളുടെ സംയോജിത ഫലമാണ്. കായികം, വൈജ്ഞാനികം, ഭാഷ, വൈകാരികം, ആസ്വാദനം, സർഗാത്മകത തുടങ്ങിയ മേഖലകളിൽ ഉണ്ടാകുന്ന ഗുണപരമായ മാറ്റങ്ങളാണ് സാമൂഹിക ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഫലപ്രദമായ സംഭാവനകൾ ചെയ്യാൻ ഭാവിയിൽ കുട്ടികളെ പ്രാപ്തരാക്കുന്നത്.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗം ഒരു കുടക്കീഴിൽ ആക്കുന്നതോടെ വികസന കുതിപ്പിന്റെ ഭാഗമാകുക എന്ന ലക്ഷ്യത്തോടെ "വർണ്ണക്കൂടാരം" എന്ന പേരിൽ പ്രവർത്തന ഇടങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നു.

## ലക്ഷ്യങ്ങൾ

പ്രീ-സ്കൂളിൽ എത്തിച്ചേരുന്ന കുട്ടി തന്റെ വികാസ യാത്രയുടെ തുടർച്ചയിലാണ്. തുടർന്ന് അങ്ങോട്ടുള്ള യാത്രയിൽ ആത്മ വിശ്വാസവും താത്പര്യവും നിലനിർത്തുക എന്നുള്ളത് ഏറ്റവും ഏറെ പ്രധാനമാണ്. ഏറ്റവും ആഹ്ലാദകരമായ അന്തരീക്ഷത്തിൽ കളി രീതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ശേഷികൾ ആർജിക്കുന്ന രീതിയിൽ വേണം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

പ്രീ-സ്കൂളിൽ എത്തുന്ന കുട്ടി വിവിധ വികാസ മേഖലകളിൽ കൂടിയാണ് കടന്നു പോകുന്നത്. ശാരീരിക ചാലക വികാസം, ഭാഷാ വികാസം, വൈജ്ഞാനിക വികാസം, സാമൂഹിക – വൈകാരിക വികാസം, സർഗാത്മക വികാസം എന്നിങ്ങനെ അഞ്ച് വികാസ മേഖലകൾ ആണ് ഉള്ളത്. ശരീരത്തിലെ പരമാവധി പേശികൾ പ്രയോജനപ്പെടുന്ന പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയണം.

ആകൃതി, ചിത്രങ്ങൾ, വസ്തുക്കൾ എന്നിവ കണ്ട് ആശയങ്ങൾ പറയാൻ കഴിയുന്നു. തന്റെ ചുറ്റുപാടുമുള്ള വസ്തുക്കൾ, ശബ്ദങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ ശ്രദ്ധിച്ചു കേൾക്കാനും കാണാനും കഴിയുന്നു. ചിത്രങ്ങൾ നിരീക്ഷിച്ച് കഥ പറയാൻ കഴിയുന്നു.

# പ്രതീക്ഷിക്കുന്ന നേട്ടം

1. പ്രീ- സ്കൂൾ എന്ന നിലയിൽ മറ്റു കുട്ടികൾക്ക് മാതൃകയാവുക.

2. കുട്ടികളുടെ വളർച്ചയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിരിക്കുക.

3. സാമൂഹിക -സാംസ്കാരിക, വൈജ്ഞാനിക മേഖലകളിൽ ഉന്നതനിലവാരം പുലർത്തുന്ന കുട്ടികളെ വാർത്തെടുക്കുക.

4. കുട്ടികളുടെ സർഗാത്മക കഴിവുകൾ ഉന്നതിയിൽ എത്തിയ്ക്കുക.

5. കുടുംബത്തിനും സമൂഹത്തിനും നന്മ ചെയ്യുന്ന തലമുറയെ വാർത്തെടുക്കുക.

6. മറ്റുള്ളവരെ അംഗീകരിക്കുന്നതിനുള്ള മനോഭാവം വളർത്തിയെടുക്കുക.

# പ്രവർത്തന മേഖലകളും ഉപാധികളും

കുട്ടികളുടെ വിവിധ വികാസ മേഖലകളെ പരിപോഷിപ്പിക്കാൻ സഹായകരമായ രീതിയിലായിരിക്കണം പ്രീ-സ്കൂളിലെ മുഴുവൻ സംവിധാനങ്ങളും, പ്രവർത്തനങ്ങളും. വികാസ മേഖലകൾ ബഹുമുഖ ബുദ്ധിയുടെ തലങ്ങൾ എന്നിവ പരിഗണിച്ചു വേണം പ്രീ-പ്രൈമറി ക്ലാസുകളുടെ പ്രവർത്തനങ്ങൾ ഒരുക്കേണ്ടത്. ഇതിനനുകൂലമായ ഭൗതികവും അക്കാദമികവുമായ സംവിധാനങ്ങൾ പ്രീ-സ്കൂളിൽ ഉണ്ടാവണം. ഏറ്റവും ആഹ്ലാദകരമായ അന്തരീക്ഷത്തിൽ കളിരീതികളുടെ സാധ്യത പ്രയോജനപ്പെടുത്തി ശേഷികൾ ആർജിക്കുന്ന രീതിയിൽ വേണം പ്രവർത്തനങ്ങൾ. അഭിനയമൂല, നിർമാണ ഇടം, ശാസ്ത്ര ഇടം, പാവമൂല, ഗണിതയിടം, ചിത്രകലാമൂല, സംഗീത ഇടം എന്നിവ പ്രയോജനപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പ്രീ-സ്കൂൾ പ്രവർത്തന പുസ്തകമായ 'കളിപ്പാട്ടത്തിന്റെ അടിസ്ഥാനത്തിൽ അനുഭവങ്ങൾ കിട്ടാൻ സഹായകരമായ രീതിയിൽ ക്ലാസുകൾ സജ്ജീകരിക്കണം.

| പ്രവർത്തന തീമുകൾ | മാസം |
| --- | --- |
| 1. കുടുംബം<br>2. വീടും പരിസരവും | ജൂൺ |
| 3. ഞാനും എന്റെ ശരീരവും - ശുചിത്വം<br>4. മഴയും കാലാവസ്ഥയും<br>5. പഴങ്ങൾ, സസ്യങ്ങൾ | ജൂലൈ |
| 6. ആഹാരം<br>7. ആഘോഷങ്ങൾ - സ്വാതന്ത്ര്യദിനം<br>8. ആരോഗ്യം, രോഗങ്ങൾ, ആശുപത്രി | ആഗസ്റ്റ് |
| 9. പൂക്കൾ, പൂന്തോട്ടം, ശലഭങ്ങൾ<br>10. ഓണം വന്നാൽ<br>11. പച്ചക്കറികൾ | സെപ്റ്റംബർ |
| 12. ഗാന്ധിജയന്തി<br>13. ജീവികൾ - വളർത്തു ജീവികൾ<br>14. വളർത്തു പക്ഷികൾ - വന്യജീവികൾ<br>15. മണ്ണ്, കൃഷി | ഒക്ടോബർ |

| | |
|---|---|
| 16. തൊഴിൽ<br>17. ശിശുദിനം<br>18. പക്ഷികൾ | നവംബർ |
| 19. പ്രാണികൾ, ജന്തുക്കൾ<br>20. വസ്ത്രം<br>21. ക്രിസ്മസ് | ഡിസംബർ |
| 22. വാഹനങ്ങൾ<br>23. എന്റെ ഗ്രാമം<br>24. പൊതു സ്ഥാപനങ്ങൾ | ജനുവരി |
| 25. കലകൾ നാടൻ ഉത്സവങ്ങൾ<br>26. ആകാശം<br>27. കളികൾ, വിനോദങ്ങൾ | ഫെബ്രുവരി. |
| 28. വാർത്താവിനിമയ മാധ്യമങ്ങൾ (റേഡിയോ, ടി.വി, ഫോൺ, പത്രം)<br>29. വെള്ളം, പുഴ, കടൽ<br>30. കാട്, മരങ്ങൾ. | മാർച്ച് |

# പ്രവർത്തന കലണ്ടർ

2025-26 വർഷത്തെ ജൂൺ മുതലുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം.

## ജൂൺ

1. കുടുംബം
   * പാട്ട് പാടൽ
   * ആംഗ്യപ്പാട്ട്
   * നിറം നൽകൽ
   * കളിനിതി
   * നിർമ്മാണങ്ങൾ
   * സ്വതന്ത്ര സംഭാഷണം.

2. വീടും പരിസരവും
   * കളിനിതികൾ
   * നിർമ്മാണങ്ങൾ
   * അനുഭവം പറയൽ
   * നിറം നൽകൽ

## ജൂലൈ

1. ഞാനും എന്റെ ശരീരവും (ശുചിത്വം)
   * ആംഗ്യപ്പാട്ടുകൾ
   * വ്യക്തിശുചിത്വം
   * ടോയ്ലറ്റ് പരിശീലനം
   * ക്ലാസ്മുറി വൃത്തിയാക്കൽ
   * പാവകളി
   * സ്വതന്ത്ര ഭാഷണം

2. മഴയും കാലാവസ്ഥയും
   * ചിത്രം വര
   * അഭിനയ ഗാനം
   * നിറം കൊടുക്കൽ
   * മഴയനുഭവം
   * മഴപ്പാട്ട് പാടൽ

3. നിറങ്ങൾ - പഴങ്ങൾ
   * നിറം നൽകൽ
   * മുഖംമൂടി നിർമ്മാണം
   * സ്വതന്ത്രഭാഷണം
   * ചിത്രവായന
   * അഭിനയം
   * ഗണിത കളികൾ
   * വെജിറ്റബിൾ പ്രിന്റിംഗ്

* പ്രകൃതിനടത്തം
* ഇല പ്രിന്റിംഗ്
* ഔഷധ സസ്യങ്ങൾ ആൽബം

ആഗസ്റ്റ്

1. ആഹാരം
   * ചിത്രം നോക്കി പറയൽ
   * ചിത്രം വര
   * നിറം നൽകൽ
   * സ്വതന്ത്ര ഭാഷണം
   * വിവിധ ആഹാര രുചികൾ പരിശീലിക്കൽ
   * പ്രകൃതി പരിചയപ്പെടൽ
   * ഗണിത കളികൾ.

2. ആഘോഷങ്ങൾ
   * ചിത്രരചന
   * അലങ്കാര പ്രവർത്തനങ്ങൾ
   * തോരണങ്ങൾ തയാറാക്കൽ
   * പാട്ട് പാടൽ
   * ആഘോഷ സദ്യ ഒരുക്കൽ
   * ആംഗ്യപാട്ടുകൾ

## ഭാഷ ക്ലാസ് - 1

### ആമുഖം

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെടുന്നത്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു.

### ജൂൺ

* സന്നദ്ധതാ പ്രവർത്തനങ്ങൾ
* സ്വതന്ത്രമായ ചിത്രംവര, നിറം നൽകൽ
* കളികളിൽ ഏർപ്പെടൽ
* നിർമ്മാണം, മുറിക്കൽ, ഒട്ടിക്കൽ
* അഭിനയിക്കൽ, ശബ്ദാനുകരണം
* ചിത്രകഥകൾ വായിച്ചു കേൾക്കുക, കേട്ട കഥകൾ പറയുക
* കുഞ്ഞെഴുത്ത് പ്രവർത്തന പുസ്തകം രക്ഷിതാക്കളെ പരിചയപ്പെടുത്തുക. ആരംഭിക്കുക.

* വായന കാർഡുകൾ നൽകൽ
* വായനമൂല സജ്ജീകരിക്കൽ

ജൂലൈ

* താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ
* സ്വയം കഥ പറയാൻ അവസരമൊരുക്കൽ
* അമ്മ വായന
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ.
* ക്ലാസ് പി.ടി.എ കൂടി സംയുക്ത ഡയറി പ്രക്രിയ ബോധ്യപ്പെടുത്തുന്നു.

ആഗസ്റ്റ്

* സംയുക്ത ഡയറി ആരംഭിക്കൽ
* കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ലളിതമായ നിർമ്മാണ ശില്പശാല.
* പാട്ടരങ്ങ്
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ.
* പത്രവായന ആരംഭിക്കുക.
* ദിനാചരണം - സ്വാതന്ത്ര്യദിനാഘോഷം

# English

## Introduction

This plan outlines our academic goals, objectives and strategies for the upcoming Year. Our aim is to provide a supportive and engaging learning environment that helps our students achieve academic excellence, ~~an~~ social and emotional excellence.

## Learning Outcomes

- Listen to teacher talks and show signs of understanding verbally and non-verbally.
- Engage in games.
- Enact contexts or events individually or in groups.
- Reads conversations, songs and simple descriptions graphically.
- Familiarise with phatic communication expressions.

## June

- Attendance activity
- Simple words introducing

- Provide picture card
- Engage in action songs.
- Introduce Beehive activity book.

## July

- Attendance activity.
- Provides reading cards.
- Describe familiar objects orally stating physical attributes such as size, colour etc
- Engage in games.

## August

- Enact contexts or events individually or in groups.
- Enjoys songs and sings them with rhythm and action.
- Reads and writes simple words and simple sentence.

# ഗണിതം

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ കുട്ടി നേടിയെടുക്കേണ്ടതുണ്ട്. ജീവിതത്തിൽ ഓരോ വ്യക്തിക്കും ഒഴിച്ചു കൂടാനാവാത്തതാണ് ഗണിത പ്രവർത്തനങ്ങൾ. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്. പല തരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

## ലക്ഷ്യങ്ങൾ

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വച്ച് കണ്ടെത്തി വിശദീകരിക്കുന്നു.
- ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും

വായിക്കുകയും ചെയ്യുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ
- അമ്മമാരുടെ ശില്പശാല

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- കളികളിലൂടെ വസ്തുക്കൾ എണ്ണിയെടുക്കുന്നു.
- ചിത്രവായന
- നിർമ്മാണ പ്രവർത്തനങ്ങൾ

ആഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- വലിയ സംഖ്യ, ചെറിയസംഖ്യ തിരിച്ചറിയൽ
- കൂടുതൽ, കുറവ് തിരിച്ചറിയൽ
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് II 2025-26

മലയാളം

## ആമുഖം

എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാലയ സമൂഹത്തിന്റെ ഉടമയായി ഓരോ കുട്ടിയും മികവുറ്റവരായി തീരുന്നതിന് കുട്ടികൾക്കാവശ്യമായ ശേഷി വികസനങ്ങൾ നൽകുക. ഓരോ കുട്ടിയുടെയും സമഗ്രമായ വികസനം ഇവ ലക്ഷ്യമിട്ട്കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികളിൽ ഭാഷ, വികസനം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക ഇവ പരിഗണിച്ചാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

## പ്രവർത്തനലക്ഷ്യങ്ങൾ

-> കുട്ടി സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

-> ആശയഗ്രഹണ വായന ഉറപ്പാക്കുന്നു.

-> തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുന്നു.

-> വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗത രചനകൾ നടത്തുന്നു.

-> ചിത്രത്തെ ആസ്പദമാക്കി ലഘുവിവരണം, സംഭാഷണം, കഥ തയ്യാറാക്കുന്നു.

-> ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

## മുന്നൊരുക്കം

→ പ്രീ ടെസ്റ്റ് നടത്തുന്നു.

→ കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ കണ്ടെത്തുന്നു.

→ കുട്ടിക്ക് ആവശ്യമായ പിന്തുണ നൽകുന്നു.

→ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## ജൂൺ (ചിത്രവും പദവും ഉൾക്കൊണ്ടത്)

* ചിത്രകാർഡുകൾ നൽകൽ
* ദിനാചരണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാസാമഗ്രികൾ നിർമിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

* ദിനാചരണബന്ധപ്പെട്ട ICT സാധ്യത ഉപയോഗിക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റെയും സാധ്യത ഉപയോഗിക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, സജ്ജീകരിക്കൽ പ്രയോജനം നടത്തൽ
* എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുത്തൽ

## ഓഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* ചിത്രവിവരണം
* വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.
* ദിനാചരണ വേളയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

അക്കാദമിക മാസ്റ്റർ പ്ലാൻ (4)

2025 - 26

ക്ലാസ് II

ഗണിതം

## ആമുഖം

ഗണിതം എന്നും രസകരവും ആസ്വാദ്യകരവുമായി കുട്ടികളെക്കൊണ്ട് ചെയ്യണം. ദൈനംദിന നേട്ടങ്ങളിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ

## പ്രവർത്തനലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നപരിഹാരം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരും നേടിയെടുക്കുന്നതിന്
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100ൽ താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയത് വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കൽ അവയും ഒന്ന് വേളയിൽ എത്തിച്ചേരൽ
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## ജൂൺ



* 1, 2, 3, 4, . . . . . . .

  1, 3, 5, 7, . . . . . .

  10, 20, 30, 40, . . . . . .

  5, 10, 15, 20, . . . . . .

  2, 4, 6, 8, 10. . . . . . തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബന്ധം കണ്ടെത്തൽ

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യകൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ

* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
* 99 നോട് 1 കൂട്ടിയാൽ 100

  10 പത്തുകൾ ചേർന്നാൽ 100 ആകും

  100 ഒന്നുകൾ ചേർന്നാൽ ~~100 ആകും~~ നൂറ് 100

* ഒരേ സംഖ്യകളെയും പ്രായോഗിക ഗണിതസന്ദർഭങ്ങളിൽ ഉൾപ്പെടുത്തിയുള്ള കൂട്ടൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

# Academic master plan class II
2025 - 26

**Aim**
To Speak, Read & write English without any mistakes

**Time**
June to march

**PRETEST**
To check the vocabulary and writing Skills of pupils

**June and July**
- To develop listening Skills & reading Skills

**Listening Skills**
1. Games, Action Songs
2. Conversations, Skit Stories use ICT

**Speacking Skills**
1. Identify the naming words from the picture
2. Identify the action words from the Same picture
3. Make Simple Sentence using the acting words and naming words about the picture.
4. Growing Sentences, picture reading, Self Introduction

Assembly are also conducted.
Activities - speech, book review, quiz, riddles, self introduction.

Activities

Speech, book review, quiz, riddles, self introdution etc

## ആമുഖം

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' വിദ്യാഭ്യാസ രംഗത്ത് അഭൂതപൂർവ്വമായ ഉണർവ്വാണ് സൃഷ്ടിക്കുന്നത്. ഇതിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി മാസ്റ്റർ പ്ലാനുകൾ ഉപകരിക്കുന്നു. വിദ്യാലയങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി നല്ല മാതൃകകൾ സൃഷ്ടിക്കാൻ ഇതിലൂടെ കഴിയട്ടെ. വിദ്യാഭ്യാസ അവകാശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥികളുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കുമെന്ന ലക്ഷ്യത്തിലേയ്ക്ക് ഞാനും എന്റെ സ്കൂളും.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ക്ലാസ്സ് തലം.

x

മേഖല :- അക്കാദമികം

ഉപമേഖല :- ഭാഷ

ക്ലാസ്സ് :- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികാസം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നം ഉറപ്പിക്കൽ<br>* പദനിർമ്മാണം<br>* വാക്യനിർമ്മാണം<br>* പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ്.<br>* നാട്ടുവായന | ജൂൺ മുതൽ 2മാസം<br>1 വർഷം<br>ജൂൺ മുതൽ | ക്ലാസ്സ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ വിദ്യാരംഗം കൺവീനർ | . |
| 2) പത്രവായന പരിപോഷണം. | * ക്ലാസിൽ ഒരു പത്രം.<br>* എല്ലാ ദിവസവും പത്രവായന ക്ലാസിൽ നടത്തുക.<br>* പത്രക്വിസ് മത്സരം സംഘടിപ്പിക്കൽ | 1 വർഷക്കാലം<br>1 വർഷക്കാലം (ദിവസേന)<br>ആഴ്ചയിൽ ഒരുദിവസം. | ക്ലാസ്സ് ടീച്ചർ | sponsors PTA. |
| 3) സാഹിത്യ പ്രതിഭകളെ അടുത്തറിയുക. | * കവികളെക്കുറിച്ച് വീഡിയോ പ്രദർശനം<br>* ചിത്ര ഗ്യാലറി | ജൂൺ | ക്ലാസ് ടീച്ചർ<br>SMC | PTA |

മേഖല: അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം

ക്ലാസ് :- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും കഴിയുക. | * ഇംഗ്ലീഷ് ക്ലാസുകൾ ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യൽ | ജൂൺ മുതൽ | ക്ലാസ് ടീച്ചർ SRG | |
| | * ആഴ്ചയിൽ നടന്ന ഇംഗ്ലീഷ് അസംബ്ലിയിൽ കൂടുതൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ 1 വർഷ കാലം. | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ SRG | |
| 2) വായന അഭിരുചിയും ആസ്വാദനശേഷിയും | * ക്ലാസ് ലൈബ്രറി വികസനം<br>* ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ | Sponsor PTA |
| 3) കുട്ടികളുടെ സർഗ്ഗശേഷി വളർത്തിയെടുക്കുക | * ഇംഗ്ലീഷിൽ ഡയറി എഴുതൽ. | ദിവസവും | | |
| | * കഥ, കവിത രചന | ആഴ്ചയിൽ രണ്ട്. | " | |
| | * ഉൽപന്നങ്ങളുടെ പ്രസിദ്ധീകരണം. | മാസത്തിൽ ഒരിക്കൽ വർഷാവസാനം | ഇംഗ്ലീഷ് ക്ലബ്ബ് കൺവീനർ | SMC |
| | * സ്കൂൾ റേഡിയോ | ഇടവേള നേരങ്ങളിൽ | | |

മേഖല :- അക്കാദമികം

ഉപമേഖല :- ഗണിതം

ക്ലാസ് :- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1) ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | * വർക്ക്ഷീറ്റുകൾ ഉപയോഗിച്ച് ആശയങ്ങൾ ഉറപ്പിക്കൽ. | ജൂൺ മാസം | അധ്യാപിക | |
| | * ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി ഗണിത അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | ജൂൺ മാസം | അധ്യാപിക | |
| 2) ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ. | * ഗണിത ലാബ് * മാത്സ് കിറ്റ് ഉപയോഗിച്ചുകൊണ്ട് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കൽ. | ജൂൺ മാസം | അധ്യാപിക | |
| 3) ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം. | * ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് സജ്ജീകരിക്കൽ. | ജൂൺ മുതൽ ജൂലൈ | SMC അധ്യാപിക | |
| | * ഒറിഗാമി ശില്പശാല * ഒറിഗാമി ടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ പ്രദർശിപ്പിക്കൽ | ഒക്ടോബർ ജനുവരി | SRG മീറ്റിങ് | |

മേഖല :- അക്കാദമികം

ഉപമേഖല :- പരിസരപഠനം

ക്ലാസ്സ് :- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പ-ത്തികം |
|---|---|---|---|---|
| 1) കുട്ടികളിൽ നിരീക്ഷണം, ശാസ്ത്രാഭിരുചി വളർത്തൽ | *ശാസ്ത്ര തത്ത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ മുന്നിൽ<br>* സ്കൂൾ തല സയൻസ് എക്സിബിഷൻ | ഒരു വർഷം [ജൂൺ മുതൽ ജൂലൈ മാസം] | ടീച്ചർ | |
| 2) പ്രകൃതി വിഭവ സംരക്ഷണം | ജല സ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ സെപ്തംബർ | | |
| 3) ശാസ്ത്രമേളകളിൽ ചേർന്നുള്ള പങ്കാളിത്തം ഉറപ്പുവരുത്തൽ | * മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | | സയൻസ് ക്ലബ്ബ് | |
| 4) പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകർ-കുട്ടി കുട്ടി-കുട്ടി എന്നിങ്ങനെ രണ്ട് തലത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG ക്ലാസ് ടീച്ചർ സയൻസ് ടീച്ചർ. | |

മേഖല :- അക്കാദമികം

ഉപമേഖല :- ദിനാചരണങ്ങൾ , ഐ. സി. ടി

ക്ലാസ് :- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | [illegible] |
|---|---|---|---|---|
| 1) ഐ. സി. ടി പഠനപ്രവർത്തനങ്ങളാക്കി തീർക്കൽ | * ഓരോ വിഷയത്തിലും IT ഉപയോഗിച്ചുള്ള പഠന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകൽ.<br>* മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസരിച്ച് പരിഷ്കരിച്ച് പ്രവർത്തനങ്ങൾ<br>* പഠനസാമഗ്രികളുടെ ശേഖരണം | [illegible] | ടീച്ചർ<br>PTA | |
| 2) വിവിധ ശേഷികളുടെ വികാസം. | ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമാക്കി ആഘോഷിക്കൽ. | ജൂൺ മുതൽ മാർച്ച്. | SRG. | |

മേഖല :- സംസ്ഥാനതലം

ഉപമേഖല :- ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിഗണന.

ക്ലാസ് :- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) കുട്ടികളുടെ ശാരീരികവും, മാനസികവുമായ പ്രശ്നങ്ങൾ കണ്ടെത്തി നിരന്തരം വിലയിരുത്തുന്നതിനും പരിഹാര പ്രവർത്തനങ്ങൾ നടത്തുന്നതിനും. | * മെഡിക്കൽ ക്യാമ്പുകൾ<br>* അനുരൂപീകരണ പ്രവർത്തനങ്ങൾ പാഠപുസ്തക പാഠാസൂത്രണത്തിൽ ഉൾച്ചേർക്കൽ ക്ലാസിൽ വിനിമയം ചെയ്യൽ. | ജൂലൈ ഒക്ടോബർ ഫെബ്രുവരി | റിസോഴ്സ് ടീച്ചർ<br>അദ്ധ്യാപകർ R.T. | |
| 2) ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തി തരംതിരിക്കൽ. അവരുടെ ആവശ്യങ്ങൾ നിർണ്ണയിക്കൽ. പ്രവർത്തന പരിപാടി രൂപീകരിക്കൽ ആവശ്യമായ RT മാരുടെ സേവനം ലഭ്യമാക്കൽ | * മെഡിക്കൽ ചെക്കപ്പ്<br>* IQ Test<br>* | ജൂൺ മാസം | RT<br>BRC<br>H.M<br>Teachers | |

# അക്കാദമിക മാസ്റ്റർപ്ലാൻ

## ക്ലാസ് 4 2025 - 26

## ആമുഖം

2025 - 26 അദ്ധ്യയനവർഷത്തിൽ നാലാം ക്ലാസ്സിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണിത്. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾക്ക് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. രക്ഷിതാക്കളുടെ സജീവമായ പിന്തുണയോടെ പൂർത്തീകരിക്കുന്ന പദ്ധതിയാണിത്.

## ലക്ഷ്യങ്ങൾ

മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും ആവശ്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാ ശേഷി പ്രയോഗിക്കുന്നതിനുള്ള പ്രാപ്തി നേടുക.

- എല്ലാ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ സർഗാത്മകമായ കഴിവുകൾ വികസിപ്പിക്കുന്നു.
- കുട്ടികളിൽ സാമൂഹികവികാസ് വിടവ് നിലനിൽക്കുന്ന പുതിയ സാഹചര്യങ്ങളിൽ സംഘപ്രവർത്തനങ്ങൾ

(a)

കളികൾ എന്നിവയിലൂടെ സാമൂഹിക ബോധം സമയബോധം, പങ്കിടൽ എന്നിവ വികസിപ്പിക്കൽ

- ഗ്രൂപ്പുകളായും വളർത്താൻ ഉതകുന്ന തരത്തിൽ ഗ്രൂപ്പ് പരിശീലനങ്ങളിൽ സ്വയം ഏർപ്പെടുകയും പഠിക്കുന്ന കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ.

ലക്ഷ്യം - വായന എഴുത്ത് എന്നീ അടിസ്ഥാന ശേഷികൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുകയും സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യൽ.

പ്രവർത്തനങ്ങൾ

1. നാലാം ക്ലാസിലെ വിവിധ വിഷയങ്ങളിലെ ആശയവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ക്ലാസ് ലൈബ്രറിയിൽ ക്രമീകരിക്കുന്നു. — June.
2. വായനാ കാർഡുകൾ ക്രമീകരിക്കുന്നു. — June.

   മികച്ച വായനക്കാർക്ക് പുസ്തകങ്ങൾ നൽകുന്നു. വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. — June.
3. വായനയിൽ പിന്നോക്കം നിൽക്കുന്നവർക്ക് തിങ്കൾ, ബുധൻ വെള്ളി ദിവസങ്ങളിൽ വായനാകാർഡ് വിതരണം ചെയ്യുന്നു. അന്നേ ദിവസം വൈകുന്നേരം അത് വായിക്കുന്നതിന്റെ Video - whats app ഗ്രൂപ്പിൽ ഇടുന്നു. — June-July
4. മികച്ച വായനക്കാരെ ആദരിക്കൽ - 1st day in all month.

പാഠഭാഗ വിശകലനം. . June.

റോമൻ സംഖ്യാ സമ്പ്രദായം . July
പരിചയപ്പെടൽ.

മലയാളം അക്കങ്ങൾ പരിചയ - July.
പ്പെടൽ.

- 'ഗണിതം മധുരം' - പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി. എല്ലാ ദിവസവും 1.30 മുതൽ 2 വരെ പ്രത്യേക പഠനം. (June & July)
- ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ വ്യാഴാഴ്ചയും ഗണിത ചോദ്യങ്ങൾ പ്രദർശിപ്പിക്കുന്നു. ഉത്തരങ്ങൾ കണ്ടെത്തിയവർക്ക് സ്കോർ നൽകുന്നു. കൂടുതൽ മാർക്ക് നേടിയവരെ ഓരോ മാസവും ആദരിക്കുന്നു. (One year).
- Daily worksheet (10 എണ്ണം) ചതുഷ്ക്രിയകൾ ദിവസേന ചെയ്യാൻ നൽകുന്നു. (Daily . One year).

## പരിസരപഠനം

<u>ലക്ഷ്യം</u>

ശാസ്ത്രകൗതുകം വളർത്താൻ ഉതകുംവിധം ശാസ്ത്രപരീക്ഷണങ്ങളിൽ സ്വയം ഏർപ്പെടുകയും പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യൽ.

- നാലാം തരത്തിലെ കുട്ടികളുടെ നിലവാരത്തിലുള്ള പരീക്ഷണങ്ങൾ തെരഞ്ഞെടുക്കുന്നു.
- പരീക്ഷണങ്ങളെ ശാസ്ത്രവാർത്തകളുമായി ബന്ധപ്പെടുത്തുന്നു.

ശില്പശാല സംഘടിപ്പിക്കുന്നു.
(കുട്ടികൾ, രക്ഷിതാക്കൾ വിദഗ്ധർ, അധ്യാപകർ).

(4) 5. ഭാഷാപഠനത്തിന്റെ ഭാഗമായി എല്ലാ ദിവസവും ഡയറി, പത്രവാർത്ത എന്നിവയുടെ അവതരണം. - എല്ലാ ദിവസവും One year

6. സർഗ്ഗാത്മക ഡയറി എഴുത്ത്. (ആഴ്ചയിൽ ഒന്ന്) One year

7. പിന്നോക്കക്കാർക്ക് മലയാളത്തിളക്കം (June-July) ക്ലാസ്സ്.

8. സർഗ്ഗാത്മക ഡയറിയുടെ പ്രകാശനം. January 2026.

## ഗണിതം.

വസ്തുതകളെ സംഖ്യകൾ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിതപഠന സവിശേഷത.

### ലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- യുക്തിചിന്ത, ഗണിതചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
- കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.

### പ്രവർത്തനങ്ങൾ

- നാലക്ക സംഖ്യകളുടെ സംഖ്യാബോധം, - June.
വ്യാഖ്യാനം.
കളിനോട്ടുകൾ ഉപയോഗിച്ചുള്ള - June.
ഗണിതക്കളികൾ.

- കുട്ടികൾ ശാസ്ത്രപരീക്ഷണത്തിൽ ഏർപ്പെടുന്നു.
- പരീക്ഷണ സാമഗ്രികൾ വികസിപ്പിക്കുന്നു.
- പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുന്നു.
- ഏറ്റവും മികച്ച കുറച്ചെണ്ണം പഠനോത്സവത്തിൽ അവതരിപ്പിക്കാൻ തെരഞ്ഞെടുക്കുന്നു.

—പ്രവർത്തന കാലയളവ് - 1 വർഷം.

## English

**Aim**

To read write and speak English without any mistakes

**Pre test**

To check the vocabulary and writing skills of pupils

Activities.

English assembly - All wednesday - One year

English diary - Twice in a day - One year.

Skit, Drama, conversation or story telling Performance conducted in the Sargavela.

English Magazine - (Published thrice in an year)

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

* കുട്ടികളിൽ ഉളവാക്കേണ്ട ധാരണകൾ വികസിപ്പിക്കാനുള്ള ഒരു പ്രവേശിക
* കുട്ടികളുടെ പഠനത്തിലെ അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠനപിന്തുണ.
* ഒരു ദിവസം ഒരു മണിക്കൂർ
* തുടർന്നും പാഠപുസ്തകങ്ങളിലെ പഠന സന്ദർഭങ്ങളെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ

03/06/25 (പൊതുവിഷയം)

* സ്വയം പരിചയപ്പെടുത്തൽ, കൂട്ടുകാരെ പരിചയപ്പെടൽ

പ്രവർത്തനം:- ക്ലാസ് റൂമിൽ കുട്ടികൾ പരസ്പരം ഹസ്തദാനം നൽകി സ്വയം പരിചയപ്പെടുത്തുകയും കൂട്ടുകാരെ പരിചയപ്പെടുകയും ചെയ്യുന്നു.

പ്രവർത്തനം:- അവധിക്കാല അനുഭവം പങ്കുവയ്ക്കൽ
രണ്ട് മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളെ ഒരുമിച്ചിരുത്തി അവരുടെ അവധിക്കാല അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നു

പ്രവർത്തനം:- സ്കൂളിനെ അറിയാൻ കൂട്ടുകാരുമായി ഒരു സ്കൂൾ നടത്തം.

04/06/2025

* ഗതാഗത സുരക്ഷ ബോധവൽക്കരണം.

പ്രവർത്തനം :- മൂന്നാം ക്ലാസ്സിന്റെ ഇ.വി.എസ് പുസ്തകത്തിലെ സുരക്ഷിത യാത്ര എന്ന പാഠഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ ചിലതായ,

* റോഡിലൂടെ നടക്കേണ്ട രീതി
* റോഡ് മുറിച്ച് കടക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്.
* സീബ്രാ ക്രോസിങ്ങിന്റെ ഉപയോഗം
* ട്രാഫിക് സിഗ്നലുകൾ എന്നിവ പഠനാനുഭവത്തിൽ നിന്നും വിജയിച്ച നാലിലെ കുട്ടികളെക്കൊണ്ട് അവതരിപ്പിക്കുന്നു. (ആവശ്യമായ സഹായം ടീച്ചർ നൽകുന്നു)

പ്രവർത്തനം :- സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ വാഹനങ്ങളായും കാൽനടയാത്രക്കാരായും അഭിനയിച്ച് ഒരു മോക്ക്ഡ്രിൽ നടത്തുന്നു.

പ്രവർത്തനം :- സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പാലിക്കേണ്ട രീതികൾ, റെയിൽ ക്രോസ്സുകൾ മുറിച്ചു കടക്കുമ്പോൾ / സിഗ്നലുകൾ എന്നിവ സംബന്ധിക്കുന്ന അറിവുകൾ അധ്യാപിക പകർന്നു നൽകുന്നു.

05/06/2025

* ശുചിത്വം , വ്യക്തിശുചിത്വം , പരിസരശുചിത്വം
സ്കൂൾ സൗന്ദര്യവൽക്കരണം.

പ്രവർത്തനം :- പരിസ്ഥിതി ദിനത്തിൽ പ്രദേശവാസിയും കർഷകശ്രീ അവാർഡ് ജേതാവുമായ ശ്രീ R. വിശ്വംഭരൻ സാറുമായി സംവദിക്കാൻ കുട്ടികൾക്ക് അവസരം

പ്രവർത്തനം :- ശുചിത്വ ശീലവുമായി ബന്ധപ്പെട്ട് ഗാനാലാപനം , റോൾപ്ലേ അവതരണം, പോസ്റ്റർ തയ്യാറാക്കൽ എന്നിവ സംഘടിപ്പിക്കൽ.

പ്രവർത്തനം :- സ്കൂൾ സൗന്ദര്യവൽക്കരണവുമായി ബന്ധപ്പെട്ട് സ്കൂളിലൊരു പച്ചക്കറിത്തോട്ട നിർമാണം. കുട്ടികളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി വിത്തുകൾ കൃഷിഭവനിൽ നിന്നും ശേഖരിക്കുന്ന ഗ്രോബാഗിൽ കുട്ടികളെക്കൊണ്ട് തന്നെ നട്ട് പരിപാലിച്ച് ഉച്ചഭക്ഷണ പദ്ധതിയിലും പ്രയോജനപ്പെടുത്തുന്നു.

പ്രവർത്തനം :- ശുചിത്വ പരിപാലനത്തിനായി ക്ലാസ് തലത്തിൽ വൃത്തിപ്പോലീസ് തെരഞ്ഞെടുപ്പ്.

09/06/2025

* പൊതു ആരോഗ്യം

പ്രധാന മേഖലകൾ

* പോഷണം
* ശുചിത്വം
* വ്യായാമം
* നല്ല ഉറക്കശീലം
* മനസ്സിന്റെ സന്തോഷം
* ആരോഗ്യ മര്യാദകൾ.

പ്രവർത്തനം :- പോഷണം, ശുചിത്വം, ആരോഗ്യ മര്യാദകൾ ഇവയെക്കുറിച്ച് അദ്ധ്യാപിക ക്ലാസ്സ് എടുക്കുന്നു.

പ്രവർത്തനം :- രക്ഷിതാവായ ആരോഗ്യ പ്രവർത്തകയുമായി നല്ല ആരോഗ്യത്തിന് എന്തെല്ലാം? കുട്ടികളുമായി സംവദിക്കാൻ അവസരം.

പ്രവർത്തനം :- പോഷകാഹാരങ്ങൾക്ക് ആരോഗ്യത്തിലെ പങ്ക് ICT പ്രദർശിപ്പിച്ച് നേരനുഭവം ഒരുക്കൽ

പ്രവർത്തനം :- വ്യായാമം കൊണ്ട് സാധ്യമാകുന്നത്? ചില അറിവുകൾ പകരൽ കൂടാതെ സുംബാ ഡാൻസ് അവതരണം (കുട്ടികളോടൊപ്പം)

10/06/25

ഡിജിറ്റൽ അച്ചടക്കം

പ്രവർത്തനം:- ഡിജിറ്റൽ അച്ചടക്കം എന്ന മേഖലയുമായി ബന്ധപ്പെടുത്തി ചിത്രരചന പോസ്റ്റർ നിർമ്മാണം, റോൾപ്ലേ, കഥാരചന തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

ചർച്ച സൂചകങ്ങൾ

* രക്ഷിതാക്കൾ കുട്ടികളുമായി ചെലവഴിക്കുന്ന സമയം
* ഭക്ഷണം കഴിക്കുമ്പോൾ ടെലിവിഷനുകൾ/ മൊബൈലുകൾ എന്നിവയുടെ ഉപയോഗം
* ഒരു ദിവസം എത്ര സമയം ഇവ ഉപയോഗിക്കുന്നു
* ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം ഉണ്ടാക്കുന്ന വ്യക്തിപരവും സാമൂഹികവുമായ ആഘാതങ്ങൾ

പ്രവർത്തനം:- മേൽ സൂചന പ്രകാരം രക്ഷിതാക്കളുമായി സംവാദം.

പ്രവർത്തനം:- ഡിജിറ്റൽ അച്ചടക്കലംഘനം വരുത്തുന്ന ദോഷം വീഡിയോ പ്രദർശനം.

പ്രവർത്തനം:- ഡിജിറ്റൽ അച്ചടക്കം പാലിക്കാം എന്ന് പ്രതിജ്ഞയെടുക്കൽ.

11/06/25

## പൊതുമുതൽ സംരക്ഷിക്കൽ

* പൊതുമുതൽ സംരക്ഷണവും അതിന്റെ ആവശ്യകതയും അനിവാര്യതയും എന്താണെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുക.

പ്രവർത്തനം :- സ്വന്തം സാധന സാമഗ്രികൾ അടുക്കും ചിട്ടയോടും സൂക്ഷിക്കൽ. ക്ലാസ് റൂമിൽ പ്രാവർത്തികമാക്കൽ

പ്രവർത്തനം :- ബാഗ്, ചെരുപ്പ്, വാട്ടർബോട്ടിൽ എന്നിവ കൃത്യസ്ഥലത്ത് വയ്ക്കുന്നത് ശീലിക്കൽ ക്ലാസിൽ ~~[illegible]~~ നിരീക്ഷണം നടത്തൽ

പ്രവർത്തനം :- സ്കൂൾ കെട്ടിടവും പരിസരങ്ങളും എല്ലാ സംവിധാനങ്ങളും പൊതുമുതലാണെന്ന് തിരിച്ചറിയൽ അവയുടെ സംരക്ഷണം അത്യാവശ്യമാണെന്ന് തിരിച്ചറിയൽ.

പ്രവർത്തനം :- പൊതുമുതൽ നശിപ്പിക്കുന്നതിന്റെ പ്രത്യാഘാതം മനസ്സിലാക്കിക്കൊടുക്കൽ. പ്ലക്കാർഡുകൾ സ്ഥാപിക്കൽ, പോസ്റ്റർ നിർമ്മിക്കൽ.

12/06/25

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം.

CWSN കുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

* കൈത്താങ്ങ്

പാഠഭാഗവുമായി ബന്ധപ്പെട്ട ലഘൂകരിച്ച വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു. പഠനത്തിന്റെ വേഗതയും ഉള്ളടക്കവും കുട്ടിയുടെ കഴിവിനനുസരിച്ച് ക്രമീകരിക്കുന്നു. സാധാരണ പരീക്ഷാരീതികൾ CWSN കുട്ടികൾക്ക് പൂർണ്ണമായി അനുയോജ്യമല്ലാത്തതിനാൽ അവരുടെ പഠന പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനായി പരീക്ഷക്ക് ചോദ്യങ്ങൾ ലഘൂകരിച്ച് നൽകുന്നു.